ദേശാഭിമാനി 18 November 2016




► സിഎംഎഫ്ആർഐ, സിഐഎഫ്ടി എന്നിവയുമായി കുഫോസ് സഹകരിച്ചു പ്രവർത്തിക്കുന്നതിന്റെ ധാരണപത്രം ഒപ്പിടൽ ചടങ്ങ് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനംചെയ്യുന്നു

# കുഫോസിന് സിഎംഎഫ്ആർഐ, സിഐഎഫ്ടി സഹകരണം

● സ്വന്തം ലേഖകൻ

**കൊച്ചി** > സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (സിഎംഎഫ്ആർഐ) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഐഎഫ്ടി) എന്നിവയുമായി അക്കാദമിക്, ഗവേഷണ മേഖലകളിൽ സഹകരിച്ചുപ്രവർത്തിക്കാൻ കേരള സമുദ്രപഠന സർവകലാശാല (കുഫോസ്) ധാരണയായി.

സിഎംഎഫ്ആർഐയുമായി മറൈൻ ഫിഷറീസ്, മാരികൾച്ചർ, മറൈൻ ബയോടെക്നോളജി, കാലാവസ്ഥാവ്യതിയാനം, സോഷ്യൽ സയൻസ്, വിജ്ഞാനവ്യാപനം തുടങ്ങിയ മേഖലകളിലും സിഐഎഫ്ടിയുമായി ഫിഷറീസ്, മത്സ്യ സംസ്കരണം, മത്സ്യ വിളവെടുപ്പ്, മത്സ്യഗുണമേന്മ, മത്സ്യരോഗങ്ങൾ തുടങ്ങിയ മേഖലകളിലും ഒരുമിച്ചുപ്രവർത്തിക്കും. ഇതിനുള്ള ധാരണപത്രം ഒപ്പിട്ടു. കുഫോസിൽ നടന്ന പരിപാടി മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനംചെയ്തു. എം സ്വരാജ് എംഎൽഎ, കുഫോസ് വൈസ് ചാൻസലർ ഡോ. എ രാമചന്ദ്രൻ, പ്രോ വൈസ് ചാൻസലർ ഡോ. കെ പത്മകുമാർ, രജിസ്ട്രാർ ഡോ. വി എം വിക്ടർ ജോർജ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, സിഐഎഫ്ടി ഡയറക്ടർ ഡോ. സി എൻ രവിശങ്കർ, കുമ്പളം പഞ്ചായത്ത് പ്രസിഡന്റ് ഷെർലി ജോർജ് തുടങ്ങിയവർ സംസാരിച്ചു.